## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6640** **11-07-2024 - ൽ മറുപടിയ്ക്ക്**

## ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എ) | ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടത് ടൂറിസം മേഖലയുടെ വികസനത്തിന് അനിവാര്യമാണ്.<br><br>മികച്ച ടൂറിസം പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി, കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി സെന്ററുകൾ, കൂടാതെ കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അതിഥി സൽക്കാരത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്കും നിലവിൽ വിനോദസഞ്ചാര മേഖലയിൽ ജോലി ചെയ്യുന്നവർക്കും പ്രാവീണ്യം നൽകുന്നതിലേക്കായി മേൽ സ്ഥാപനങ്ങൾ മുഖേന വിവിധ ബിരുദ/ഡിപ്ലോമ/സർട്ടിഫിക്കേഷൻ/ട്രൈനിംഗ് കോഴ്സുകൾ നടത്തി വരുന്നു.<br><br>വർഷാവർഷം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ 1500 ൽ അധികം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ വിദഗ്ദ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ പ്രാവീണ്യമുള്ള പ്രൊഫഷണലുകളാക്കി ജോലിക്ക് പ്രാപ്തരാക്കുന്നു. |

ടൂറിസത്തിന്റെ വിവിധ മേഖലകളിൽ പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിനായി കോഴ്സുകൾ നടത്തുന്നതോടൊപ്പം ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ, ഈ മേഖലയുടെ വികസനത്തിനാവശ്യമായ പഠനങ്ങൾ, ഗവേഷണ പരിപാടികൾ, സെമിനാറുകൾ, കൺസൾട്ടൻസി പ്രവർത്തനങ്ങൾ എന്നിവയും മേൽ സ്ഥാപനങ്ങൾ വഴി നടത്തി വരുന്നു. വിനോദസഞ്ചാര മേഖലയിൽ പ്രൊഫഷണലിസം വളർത്തുന്നതിനായി ഇന്ത്യയിലും, വിദേശത്തും ഉള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് അക്കാദമിക് കൊളാബറേഷനുകളും ടൂറിസം പഠനത്തിനും ഗവേഷണത്തിനും, അറിവിനും പ്രയോജനപ്പെടുന്ന ജേണലുകൾ, ന്യൂസ് ലെറ്ററുകൾ എന്നിവയുടെ പ്രസിദ്ധീകരണവും നടത്തിവരുന്നു.

ഇന്ത്യയിലും വിദേശത്തുമുള്ള സ്റ്റാർ ഹോട്ടലുകൾ, വിമാനകമ്പനികൾ, വിനോദസഞ്ചാര കപ്പലുകൾ, റെയിൽവേ, വ്യവസായ സ്ഥാപനങ്ങൾ, കേറ്ററിംഗ് കമ്പനികൾ, കേരള സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ ആഗോള നിലവാരമുള്ള ടൂറിസം പ്രൊഫഷണലുകളെ വാർത്തെടുത്ത് നൽകുന്നതിന് ഈ സ്ഥാപനങ്ങളിലൂടെ സാധിക്കുന്നുണ്ട്.

കാമ്പസ് ഇന്റർവ്യൂ വഴി എല്ലാ വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാർത്ഥികളെ ഹോസ്പിറ്റാലിറ്റി രംഗത്തെ അവസരങ്ങൾക്ക് സജ്ജരാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും ധനസഹായത്തോടെ തൊഴിൽ പരിശീലനങ്ങളും നിലവിൽ ഹോട്ടൽ/ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ ജോലിചെയ്യുന്നവരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായുള്ള പരിശീലനങ്ങളും സർട്ടിഫിക്കേഷനും ഈ സ്ഥാപനങ്ങൾ വഴി നൽകി വരുന്നു.

വിനോദസഞ്ചാര മേഖലയിലെ ഗൈഡുകൾക്കുള്ള പരിശീലനം, ഹോം സ്റ്റേ സംരംഭകർക്കുള്ള പരിശീലനം, വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകൾ, സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകൾ എന്നിവയും വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യ പ്രകാരം പ്രത്യേക പരിശീലന പരിപാടികളും ഗവേഷണ പരിപാടികളും വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ